## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2524

17.08.2017 -ലെ മറുപടിയ്ക്ക്

# പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകാത്ത തൊഴിലുടമകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.സത്യൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യസ്ഥാപനങ്ങളിൽ വർഷങ്ങളോളം തൊഴിൽ ചെയ്യുന്നവർക്ക് ഗവൺമെന്റ് മേഖലയിൽ അഭിമുഖത്തിന് ഹാജരാകുമ്പോൾ തൊഴിലുടമകൾ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണോ ഈ അവസ്ഥ ഉണ്ടാകുന്നത്; | (ബി) അതെ. |
| സി) തൊഴിലുടമകൾ ജീവനക്കാരുടെ അവകാശങ്ങൾ ഹനിക്കുന്നതു സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ? | (സി) സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാ തലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ എൻഫോഴ്സ്മെന്റ് മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താറുണ്ട്. 2017 ൽ നാളിതുവരെ 31822 പരിശോധനകൾ നടത്തുകയും 3757 പ്രോസിക്യൂഷനും 365 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധനകളും നടത്തുന്നു. 2016 ൽ ടെക്സ്റ്റൈൽ മേഖലയിലും 2017 ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന |

നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ നാളിതുവരെ 5340 സ്ഥാപനങ്ങളിൽ നിന്നും 121192 തൊഴിലാളികൾക്ക് 800 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**